ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) 87

(ബി) 5

(സി) 60

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സ്ഥലംമാറ്റം കിട്ടിവരുന്ന ഉദ്യോഗസ്ഥൻമാർ ജോലിക്ക് ഹാജരാകാതിരിക്കുന്നതായി പരാതി

958 [1547] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കപ്രദേശങ്ങളിലേക്കും ആദിവാസികളും ഹരിജനങ്ങളും താമസിക്കുന്ന സ്ഥലങ്ങളിലേക്കും സ്ഥലംമാറ്റം ലഭിക്കുന്ന വിവിധ വകുപ്പുകളിലുള്ള ഉദ്യോഗസ്ഥൻമാർ ജോലിക്ക് ഹാജരാകാതിരിക്കുന്നതിനെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഉദ്യോഗസ്ഥൻമാർ ജോലിക്ക് ഹാജരാവാത്തതിനാൽ ഇവിടത്തെ ജനങ്ങൾ വിവിധതരത്തിൽ അനുഭവിക്കുന്ന വിഷമതകളെ കണക്കിലെടുത്ത് വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ;

(സി) സ്ഥലംമാറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥൻമാരെ നിർബന്ധപൂർവ്വം ജോലിക്ക് ഹാജരാകുവാൻ വേണ്ടുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിൽ വിവിധ വകുപ്പുകളിൽ ഒഴിഞ്ഞുകിടക്കുന്ന അട്ടപ്പാടി പ്രദേശത്തെ ഓഫീസുകളിൽ ഉദ്യോഗസ്ഥൻമാരെ നിയമനം നടത്തുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി, സി and ഡി) ഉപചോദ്യം (എ) യിൽ സൂചിപ്പിച്ച വിധത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവ പരിശോധിച്ച് പരിഹാര നടപടികൾ എടുക്കുന്നതാണ്.

മലപ്പുറം ജില്ലയിൽ ഒരു ഇലക്ട്രിസിറ്റി ഡിവിഷൻ

959 [1548] ശ്രീ. കെ.കെ.എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഒരു ഇലക്ട്രിസിറ്റി ഡിവിഷൻ കൂടി ആരംഭിക്കുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) പുതുതായി ഏതെങ്കിലും ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ മക്കരപ്പറമ്പിൽ ഒരു സെക്ഷൻ ആരംഭിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly